നടത്തിയ ചർച്ചയെ തുടർന്ന് ജി. ഒ. (എം.എസ്) 126/02 ഉവിവ. തീയതി : 19-9-2002 പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കൺവീനറായി മറ്റൊരു കമ്മിറ്റിയെ നിയമിച്ചു. ഈ രണ്ട് കമ്മിറ്റികളും സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഒരു മാനേജ്മെന്റിന്റെ കീഴിൽ അധികമുള്ള അദ്ധ്യാപകരെ മറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ 'വർക്ക് അറേജ്മെന്റ്' വ്യവസ്ഥയിൽ മാനേജ്മെന്റുകളുടെ സമ്മതത്തോടെ നിയമിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം പരിഗണനയിലാണ്.

(സി) കൃത്യമായ കണക്ക് ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

(ഡി) ഉണ്ട്. അനദ്ധ്യാപകരുടെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന നടപടി ഇപ്പോൾ നടന്ന് വരികയാണ്. ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച ശേഷമേ നിരോധനം പിൻവലിക്കാൻ കഴിയൂ.

കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം അധികമായ അദ്ധ്യാപകരുടെ പുനർവിന്യാസം

130 (1440) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം എത്ര അദ്ധ്യാപകർ അധികമായി വന്നു ;

(ബി) ഇവരിൽ എത്രപേർക്ക് പുനർനിയമനം നൽകി ; എത്രപേരെ ഇനിയും നിയമിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം സർക്കാർ കോളേജുകളിൽ 176 അദ്ധ്യാപകരും സ്വകാര്യ കോളേജുകളിൽ 1879 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

(ബി) സർക്കാർ കോളേജുകളിൽ അധികമായി വന്ന 176 അദ്ധ്യാപകരെ പിന്നീടുണ്ടായ ഒഴിവുകളിൽ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ കോളേജിലെ അധികമായി വന്ന അദ്ധ്യാപകരിൽ 104 പേരെ വർക്ക് അറേജ്മെന്റ് വ്യവസ്ഥയിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായും ബാക്കിയുള്ളവരെ പിന്നീടുണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകളിലും ക്രമീകരിച്ചു വരുന്നു. ജൂനിയർ ലക്ചർമാരിൽ (പ്രീ-ഡിഗ്രി) അധികമുണ്ടായിരുന്നവരെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് പുനർവിന്യസിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇനിയും പുനർവിന്യസിക്കപ്പെടേണ്ട സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly